പ്രസ്തുത നിയമത്തിന് ഭേദഗതികൾ നിർദ്ദേശിക്കണമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആവശ്യപ്പെടുന്ന എല്ലാവർക്കും വൈദ്യുതി ഒരു നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കുക എന്ന ബാദ്ധ്യത ലൈസൻസിയെയും, വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ചെലവാകുന്ന തുക മുഴുവൻ ഈടാക്കുന്ന രീതിയിൽ വൈദ്യുതി വില നൽകേണ്ടിവരുമെന്നത് ഉപഭോക്താക്കളേയും ബാധിക്കുന്ന കാര്യങ്ങളാണ്. വില നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരം റഗുലേറ്ററി കമ്മീഷനാണ്. നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ സർക്കാരിന് അധികാരമുണ്ട്.

(സി) വൈദ്യുതി നിയമം – 2003 പൂർണ്ണമായി നടപ്പാക്കുമ്പോൾ വൈദ്യുതി ബോർഡുകൾ ഇല്ലാതാവുകയും ആ സ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയോ, സഹകാര്യ കമ്പനിയോ, കമ്പനികളോ നിലവിൽ വരുകയും ചെയ്യും. ഈ കമ്പനി/കമ്പനികൾ വൈദ്യുതി ബോർഡ് നിർവ്വഹിച്ചു വരുന്ന കടമകൾ തുടർന്നും നിർവ്വഹിക്കുന്നതാണ്.

(ഡി) വൈദ്യുത മേഖല ഒരേ ഘടനയുടെ കൺകറന്റ് ലിസ്റ്റിലെ 38-ാമത്തെ ഐറ്റമാണ്. ആയതിനാൽ സംസ്ഥാനസർക്കാരിന് പുതിയ നിയമമോ നിലവിലിരിക്കുന്ന നിയമത്തിന് ഭേദഗതികളോ ഉണ്ടാക്കാവുന്നതാണ്. എന്നാൽ ഇത് ദേശീയ നിയമത്തിന് എതിരാവാൻ പാടില്ല. കൂടാതെ പ്രസിഡന്റിന്റെ അംഗീകാരവും ആവശ്യമാണ്. പ്രസ്തുത വിഷയത്തിൽ (മോഷണം തടയാനുള്ള വകുപ്പുകൾ ശക്തമാക്കൽ) ഒരു നിയമമുണ്ടാക്കുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ട്.

വൈദ്യുതി ബോർഡിലെ നിയമനം

3 [313] *ശ്രീ. കെ. ബാബു:*

,, *എം. മുരളി:*

,, *പി. ടി. തോമസ്:*

,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി ബോർഡിൽ എത്ര നിയമനങ്ങൾ നടത്തി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സർക്കാർ അധികാരം ഒഴിയുമ്പോൾ എത്ര ഒഴിവുകൾ വൈദ്യുതി ബോർഡിൽ ഉണ്ടായിരുന്നു;

(സി) മുൻ മന്ത്രിസഭയുടെ കാലത്ത് വൈദ്യുതി ബോർഡിൽ എത്ര നിയമനങ്ങൾ നടത്തി;

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി ബോർഡിൽ എത്ര നിയമനങ്ങൾ നടത്തി;

(ഇ) വൈദ്യുതി ബോർഡിൽ കൂടുതൽ നിയമനങ്ങൾ നടത്തിയതിന്റെ ഫലമായി അതിന്റെ റവന്യൂ ഡഫിസിറ്റ് കൂടിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി ബോർഡിൽ 7381 നിയമനങ്ങൾ നടത്തി.

(ബി) 5799 ഒഴിവുകൾ.

(സി) 5381.

(ഡി) 2599.

(ഇ) 2000-2001 മുതൽ 2004-05 വരെയുള്ള കാലയളവിൽ ബോർഡിന്റെ റവന്യൂ ഡഫിസിറ്റ് താഴെ വിവരിക്കും പ്രകാരമാണ്.

വർഷം	*റവന്യൂ ഡഫിസിറ്റ് (രൂപ കോടിക്കണക്കിൽ)*	*റിമാർക്ക്*
2000-2001	1286.05	ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം
2001-2002	1316.44	ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം
2002-2003	1015.57	ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം
2003-2004	1007.43	താൽക്കാലിക കണക്കുകൾ പ്രകാരം

ബോർഡിന്റെ 2004-05-ലെ പ്രൊവിഷണൽ കണക്കുകൾ പ്രകാരം റവന്യൂ ഡഫിസിറ്റ് 350 കോടി രൂപയോളം ആയിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

2001-02-നു ശേഷം ഡഫിസിറ്റ് കുറഞ്ഞു വരുന്നതിനാൽ കൂടുതൽ നിയമനങ്ങൾക്കും ഇതിനും തമ്മിൽ ബന്ധമില്ലെന്നു കാണാവുന്നതാണ്.

മീറ്റർ റീഡർ തസ്തിക നികത്തുന്നത് സംബന്ധിച്ച്

4 [314] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ മീറ്റർ റീഡർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളത്; ഈ ഒഴിവുകളിൽ എത്ര പേർ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ട്;

(ബി) ഈ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുകൾ പൂർണ്ണമായും നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കാമോ;

(സി) നിയമനം സംബന്ധിച്ച് എന്തെങ്കിലും കേസുകൾ ബഹു. ഹൈക്കോടതി മുമ്പാകെയുണ്ടോ; ഇതിൽ എന്തെങ്കിലും നിർദ്ദേശം കോടതി നൽകിയിട്ടുണ്ടോ; ആയത് നടപ്പിലാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിൽ മീറ്റർ റീഡർ തസ്തികയിൽ നിലവിൽ 761 ഒഴിവുകളുണ്ട്. താൽക്കാലിക നിയമനങ്ങൾ ഒന്നും നൽകിയിട്ടില്ല.

(ബി) പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകളിൽ 281 എണ്ണം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകൾ റിപ്പോർട്ടു ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും മീറ്റർ റീഡർ തസ്തികയിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ W. P. (C) No. 26369/04, W. P. 6104/2005 തുടങ്ങിയ കേസുകൾ നിലവിലുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി I. A. No. 2499/2005, W. P. (C) 26369/04, 8-6-2005-ലെ ഉത്തരവ് അനുസരിച്ച് മീറ്റർ റീഡർമാരുടെ 480 ഒഴിവുകൾ ഒരു മാസത്തിനകം പി.എസ്.സി. യെ അറിയിക്കുവാൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ബോർഡിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly